# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം:2355** **08.05.2017 ൽ മറുപടിയ്ക്ക്**

**സംയോജിത വിദ്യാഭ്യാസ പദ്ധതിയിലെ റിസോഴ്സ് അദ്ധ്യാപകർ**

**ചോദ്യം** **ഉത്തരം**

ശ്രീ. എം.രാജഗോപാലൻ

പ്രൊഫ സി. രവീന്ദ്രനാഥ്

(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

എ) വൈകല്യങ്ങൾ അനുഭവിക്കുന്ന കുട്ടികളുടെ പഠനവുമായി ബന്ധപ്പെട്ട സംയോജിത വിദ്യാഭ്യാസ പദ്ധതി (ഐ.ഇ.ഡി.സി) പ്രകാരം പത്ത് മുതൽ പതിനേഴ് വർഷത്തോളമായി ജോലി ചെയ്തു വരുന്ന റിസോഴ്സ് അദ്ധ്യാപകരെ റെഗുലറൈസ് ചെയ്യുന്നതിന് ബഹു: ഹൈക്കോടതിയിൽ നിന്നും അനുകൂല വിധി ഉണ്ടായിട്ടും സ്ഥിര നിയമന ഉത്തരവ് വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

ബി) പ്രായപരിധി കഴിഞ്ഞതിനാൽ മറ്റൊരു ജോലിക്ക് ഇനി അപേക്ഷിക്കാൻ കഴിയാത്തവരും മതിയായ യോഗ്യതയുള്ളവരുമായ ഇവർക്ക് സ്ഥിര നിയമനം നൽകാൻ ഉത്തരവുണ്ടാകുമോ; വ്യക്തമാക്കാമോ?

(എ) യും (ബി) യും: ഐ.ഇ.ഡി.സി/ഐ.ഇ.ഡി.എസ്.എസ്.എന്നിവ കേന്ദ്രാ-വിഷ്കൃത പദ്ധതികളാണ്. കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി കരാർ അടിസ്ഥാനത്തിലാണ് സംസ്ഥാ നത്ത് റിസോഴ്സ് ടീച്ചേഴ്സിന് നിയമനം നൽകിട്ടുള്ളത്. ഐ.ഇ.ഡിസി/ ഐ.ഇ.ഡി.എസ്.എസ്.റിസോഴ്സ് അദ്ധ്യാപകർ പൂർണ്ണമായും ഓരോ അക്കാദമിക വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്നവരാണ്. ബഹു: ഹൈക്കോടതിയുടെ 30.06.2016 ലെ വിധി പ്രകാരം 10 വർഷമോ അതിലധികമോ സേവനമനുഷ്ഠിച്ച ഐ.ഇ.ഡി.എസ്.എസ് റിസോഴ്സ് അദ്ധ്യാപകരെ റെഗുലറൈസ് ചെയ്യുന്നതിനുവേണ്ട ഒരു സ്കീം സർക്കാർ തയ്യാറാക്കുവനാണ് വിധി പുറപ്പെടുവിച്ചിട്ടുള്ളത്. 30.06.2016 ലെ ബഹു. ഹൈക്കോടതിവിധിയുടെ അടിസ്ഥാനത്തിൽ പുനപരിശോധന/ അപ്പീൽ ഹർജി നൽകുന്നകാര്യം പരിശോധിച്ചുവരുന്നു. കൂടാതെ താത്കാലിക നിയമനം നൽകിയിട്ടുള്ളവരെ സ്ഥിരപ്പെടുത്തരുതെന്നുള്ള ബഹു. സുപ്രീംകോടതി ഉത്തരവും നിലവിലുണ്ട്.

സെക്ഷൻ ഓഫീസർ